ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 15-3-1986 വരെ മുഖ്യമന്ത്രി 64 പ്രാവശ്യം ഡൽഹിക്കും 4 പ്രാവശ്യം ബോംബെക്കും പോയിട്ടുണ്ട്.

(ബി) 67 പ്രാവശ്യം ഔദ്യോഗികാവശ്യത്തിന് 1 പ്രാവശ്യം പാർട്ടി പരമായ ആവശ്യത്തിനും വേണ്ടിയാണ്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ഗുരുവായൂർ യാത്രയ്ക്കുള്ള ചിലവ്

321 [503] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 15-3-1986 വരെ മുഖ്യമന്ത്രിയുടെ ഗുരുവായൂർ യാത്രക്കായി ഏതെങ്കിലും സംഖ്യ സർക്കാരിന് ചെലവായിട്ടുണ്ടോ ?

ഉത്തരം

പൊതു കാര്യങ്ങൾക്കല്ലാതെ മുഖ്യമന്ത്രിയുടെ ഗുരുവായൂർ യാത്രയ്ക്ക് മാത്രമായി ചെലവാക്കിയിട്ടില്ല.

പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം

322 [504] ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർ പെൻഷൻ പറ്റുന്നതിനെ തുടർന്ന് പുനർനിയമനം നൽകുന്നതും സർവ്വീസ് നീട്ടിക്കൊടുക്കുന്നതും സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പൊതു സമീപനം സ്വീകരിക്കുന്നുണ്ടോ ;

(സി) പെൻഷനെ തുടർന്ന് എത്ര ക്ലാസ് 1 ഉദ്യോഗസ്ഥൻമാർക്ക് ഈ ഗവൺമെൻറ് സർവീസ് ദീർഘിപ്പിച്ചു കൊടുത്തു ;

(ഡി) എത്രപേർക്ക് പുനർനിയമനം നൽകി ;

(ഇ) ഏതെല്ലാം വകുപ്പുകളിൽ ?

ഉത്തരം

(എ) അറിവില്ല.

(ബി) കഴിവതും പുനർനിയമനം നൽകാറില്ല. പക്ഷേ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ചില തസ്തികകളിൽ യോഗ്യതയുള്ളവരെ ലഭിക്കാതെ വരുമ്പോഴും പുനർനിയമനം നടത്തേണ്ടിവരുന്നുണ്ട്.

(സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

വിവിധ വകുപ്പുകളിലേക്കുള്ള ഹെവി ഡ്യൂട്ടി ഡ്രൈവർ നിയമനം

323 [505] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലേക്കുള്ള ഹെവി ഡ്യൂട്ടി ഡ്രൈവർ നിയമനത്തിന് തിരുവനന്തപുരം ജില്ലയിലേക്ക് എത്ര ഒഴിവുകളാണ് പി. എസ്. സി.

LIBRARY ARCHIVES Kerala Legislative Assembly